സംസ്ഥാന ഗവൺമെൻറ് അതിന് മുൻഗണന കൊടുക്കാത്തതുകൊണ്ടു മാത്രമാണ് ഇന്ന് ആ ഓവർബ്രിഡ്ജിൻെറ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്തത്. ഈ വർഷത്തെ ബഡ്ജറിലും നൂറു രൂപ മാത്രമാണ് ഇതിനുവേണ്ടി നീക്കിവച്ചിട്ടുള്ളത്. നൂറുരൂപകൊണ്ട് ഒരു ഓവർ ബ്രിഡ്ജ് നിർമ്മിക്കാൻ സാധിക്കില്ലായെന്നുള്ള കാര്യം നമുക്കറിയാവു ന്നതാണല്ലോ? അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു മുൻഗണന നൽകാൻ ഗവൺമെൻറ് തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, എല്ലാ ഓവർബ്രിഡ്ജുകളും ഒരേസമയത്ത് എടുക്കുകയെന്നുള്ളത് ബുദ്ധിമുട്ടുള്ള കാര്യമാണ്. സംസ്ഥാന ഗവൺമെൻറ് ഇക്കാര്യത്തിൽ ഒരു പ്രയോറിട്ടി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്, അത് ഈ സഭയിൽ വായിച്ചിട്ടുമുണ്ട്. ഇതും അതുപോലെ പ്രയോറിട്ടി ലിസ്റ്റിലുള്ള താണ്. ഇക്കൊല്ലത്തെ വർക്ക്സ് പ്രോഗ്രാമിൽ ഇത് ഉൾപ്പെടുത്തിയിട്ടു മുണ്ട്. പക്ഷേ, ഓവർബ്രിഡ്ജുകളുടെ ചുമതല ഏറെറടുക്കേണ്ടത് റെയിൽവേയാണ്. മൂന്നടിസ്ഥാനത്തിലാണ് റെയിൽവേ ഓവർ ബ്രിഡ്ജുകൾ ഏറെറടുക്കുന്നത്. (1) റെയിൽവേ പൂർണ്ണമായ ചെലവുകൾ വഹിക്കുക, (2) റെയിൽവേ അൻപതു ശതമാനം ചെലവുകൾ വഹിക്കുക, (3) സംസ്ഥാന ഗവൺമെൻറ് മുഴുവൻ ചെലവുകളും വഹിക്കുകയെന്നിങ്ങനെയാണ്. ഇക്കൊല്ലത്തെ ആക്ഷൻ പ്ലാനിൽ ഈ ബ്രിഡ്ജിൻെറ കാര്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടോപ്പ് പ്രയോറിറ്റി കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എല്ലാറ്റിനും ടോപ് പ്രയോറിറ്റി കൊടുക്കാൻ സാധിക്കില്ല. ഇതിന് റെയിൽവേയിൽനിന്ന് യാതൊരറിയിപ്പും കിട്ടിയിട്ടില്ല. അറിയിപ്പു കിട്ടുന്ന മുറയ്ക്ക് സംസ്ഥാനഗവൺമെൻറിൻെറ പങ്ക് സംസ്ഥാന ഗവൺ മെൻറ് വഹിക്കുന്നതാണ്.

(6) ലക്ഷം വീടു പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെ അറകുറപ്പണികൾ

ശ്രീ. സി.കെ. തങ്കപ്പൻ: സർ, കേരളത്തിലെ ലക്ഷംവീടുകളുടെ കാര്യമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെടുത്താൻ പോകു ന്നത്. ലക്ഷംവീടുകളിൽ അറുപതിനായിരത്തോളം - കുടുംബങ്ങളാണ് താമസിക്കുന്നത്. ഇവരിൽ മിക്കയാളുകളും കൂലിവേലക്കാരും പട്ടിണി പ്പാവങ്ങളും സാമ്പത്തികശേഷിയില്ലാത്തവരുമാണ്. ഇതിനുമുമ്പും ഈ പ്രശ്നം ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. അതിനെത്തുടർന്ന് രണ്ടു കൊല്ലങ്ങൾക്കുമുമ്പ് ചില നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇഴ ശക്തിയായി തുടരുകയാണെങ്കിൽആയിരക്കണക്കിന് വീടുകൾ ഇനിയും തകരാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഈ ലക്ഷംവീടുകളുടെ സംര ക്ഷണച്ചുമതല സർക്കാർ ഏറെറടുക്കണമെന്നും അതിനുവേണ്ടി ബഹുമാന പ്പെട്ട മന്ത്രി അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർ ത്ഥിക്കുകയാണ്.

വനംവകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ഗവൺ മെൻറിൻെറ സഹായത്തോടുകൂടി ഒരിക്കൽ വീട് പണിതു കൊടുത്താൽ അതിൻെറ അറകുറപ്പണികൾ വീട് ലഭിക്കുന്ന ആളുകൾതന്നെ ചെയ്യണ മെന്നുള്ളതാണ്. ഇതാണ് ഏതൊരു ഗവൺമെൻറിനും സ്വീകരിക്കാവുന്ന നയം. കാരണം ഇനിയും ലക്ഷക്കണക്കിന് വീടുകൾ ഉണ്ടാക്കികൊടുക്കേ ണ്ടതായിട്ടുണ്ട്. എങ്കിലും ലക്ഷംവീടുകളിൽ പലതിൻെറയും സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

മോശമായതുകൊണ്ട് അറ്റകുറ്റപ്പണികൾ നടത്താനുള്ള ഒരു പരിപാടിക്ക് രൂപം നൽകുകയും ഇതിനോടകം 23.42 ലക്ഷം രൂപ ആയിനത്തിൽ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം നാലായിരം വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. തകർന്നുപോയിട്ടുള്ള വീടുകൾ പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തി തീർക്കാവുന്നതാണ്. ഇനി അറ്റകുറ്റപ്പണികൾ കഴിയുന്നിടത്തോളം വീട്ടുടമസ്ഥൻതന്നെ നടത്തേണ്ടതാണ്. എന്നാൽ വളരെ മോശമായ വീടുകൾക്ക് സഹായം നൽകുന്ന പദ്ധതി ഇനിയും തുടരുന്നതാണ്.

(7) ഫോർട്ടുകൊച്ചി—ചെല്ലാനം ഭാഗത്തെ കടലാക്രമണം

ശ്രീ. കെ.എം. ഹംസക്കുഞ്ഞ്: സർ, ഫോർട്ടുകൊച്ചി—ചെല്ലാനം ഭാഗത്ത് കടൽക്ഷോഭംമൂലം അവിടെത്താമസിക്കുന്ന മൽസ്യത്തൊഴിലാളികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഫിഷർമെൻ കോളനി മുതൽ സൗത്ത് ചെല്ലാനം വരെയുള്ള ഭാഗങ്ങളിൽ കടൽക്ഷോഭം മൂലം ആയിരക്കണക്കിന് വീടുകൾ ഭാഗികമായി നശിക്കുകയും വളരെയധികം മൽസ്യത്തൊഴിലാളികൾക്ക് ഉപജീവനമാർഗ്ഗം ഇല്ലാതാവുകയും ചെയ്തിരിക്കുകയാണ്. ഭാഗികമായി വീട് നഷ്ടപ്പെട്ടിട്ടുള്ളവർക്ക് അത് റിപ്പെയർ ചെയ്യാനാവശ്യമായ സംഖ്യ അനുവദിച്ചുകൊടുക്കുകയും മൽസ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. ചെല്ലാനം ഭാഗങ്ങളിൽ കെട്ടിയിട്ടുള്ള കടൽഭിത്തിക്ക് ഉയരം കുറവായതുകൊണ്ട് ഓവർഫ്ളോ ചെയ്താണ് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളത്. ഫിഷർമെൻ കോളനിക്കടുത്തുള്ള ഭാഗങ്ങളിൽ ഇനിയും കടൽഭിത്തി കെട്ടാനുണ്ട്. രണ്ടുവർഷം മുമ്പ് ഇതിന് കരാറു കൊടുക്കുകയും ചെയ്തു. ആ കരാറിൻമേൽ ഒരു പരാതി ഉയർന്നുവന്നിരിക്കുകയാണ്. കരാറുപ്രകാരമുള്ള സംഖ്യ കൊടുത്തിരിക്കുന്നു, പണി പൂർത്തിയാക്കിയിട്ടില്ലായെന്ന ആരോപണം ഉയർന്നു വന്നിരിക്കുകയാണ്. അതിനെക്കുറിച്ച് അന്വേഷിച്ച് ആ കരാറിൽനിന്ന് പണി നടത്താതെ മാറിയിട്ടുണ്ടെങ്കിൽ വളരെ ഗൗരവമായി ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം അന്വേഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുമാത്രമല്ല, ലക്ഷക്കണക്കിന് സിമൻറ് ചാക്കുകളിൽ മണ്ണുനിറച്ച് ആ പ്രദേശത്തെ കടൽക്കയറ്റം തടയാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന് ഈ സംസ്ഥാനത്ത് സിമൻറ് ചാക്കുകൾ ഇല്ലാത്തതുപോലെ മൈസൂറിൽനിന്നും ചാക്കുകൾ കൊണ്ടുവരുന്നതും ഗൗരവമായി എടുക്കണമെന്നും മൽസ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ ഈ ആഴ്ചമുതലെങ്കിലും ലഭിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഉണ്ടാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, മട്ടാഞ്ചേരിയിൽ ഫിഷിങ്ങ്ഗ്യാപ്പുകൾ വഴി കടൽജലം ശക്തിയായി ഉള്ളിലേക്ക് അടിച്ചുകയറി നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. അവിടത്തെ വെള്ളപ്പൊക്കത്തിന്റെ ഫലമായിട്ടുണ്ടായിട്ടുള്ള നാശനഷ്ടങ്ങളെ സംബന്ധിച്ചിടത്തോളം ദുരിതാശ്വാസ നടപടികൾ എടുക്കേണ്ടത് ഡിസ്ട്രിക്ട് കളക്ടേഴ്സാണ്. അവർ ദുരിതാശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; സ്വീകരിക്കുന്നുമുണ്ട്. എന്റെ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച് ഒരുകാര്യം പറഞ്ഞു. അതായത്, ചെല്ലാനം പ്രദേശത്ത്

LIBRARY ARCHIVES Kerala Legislative Assembly